**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5712

05.07.2013 ൽ
മറുപടിക്ക്

# തണ്ണീർത്തട സംരക്ഷണ പദ്ധതിയുടെ ഭാഗമായി ഡാറ്റാ ബാങ്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ :<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.കെ.എം.ഷാജി | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തണ്ണീർത്തട സംരക്ഷണ പദ്ധതിയുടെ ഭാഗമായി ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത് കൃഷി ഓഫീസർമാർ കൺവീനറായുള്ള പ്രാദേശികതല സമിതിയും ആയതിന്റെ ഗസറ്റ് പ്രസിദ്ധീകരണം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുമാണ് നടന്നു വരുന്നത്. ഡാറ്റാ ബാങ്കിന്റെ കരട് പ്രസിദ്ധീകരിച്ചതായും ഗസറ്റ് വിജ്ഞാപനം സംബന്ധിച്ച നടപടികൾ നടന്നുവരുന്നതായും ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിലെ കാല താമസം, തണ്ണീർത്തടങ്ങൾ വിവേചന രഹിതമായി നികത്തുന്നതിനുള്ള സൗക ര്യമുണ്ടാക്കുന്നു എന്ന കാര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; | **(ബി)** | ഇല്ല. |
| (സി) | ഡാറ്റാ ബാങ്ക് പ്രവർത്തനം എത്രയും പെട്ടെന്ന് പൂർത്തിയാക്കി പ്രസിദ്ധീകരി ക്കുകയും. നിയമവിരുദ്ധമായി നികത്തിയ തണ്ണീർത്തടങ്ങളെ പുനരുദ്ധരിക്കുന്നതി നുള്ള നടപടികൾക്ക് ആരംഭം കുറിക്കുകയും ചെയ്യുമോ ? | **(സി)** | ഡാറ്റാ ബാങ്കിന്റെ ഗസറ്റ് വിജ്ഞാപനവും മറ്റ് നടപടികളും എത്രയും പെട്ടെന്ന് പൂർത്തിയാ ക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ